**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മണ്ണുത്തി വികസന പരിശീലന കേന്ദ്രം - കെട്ടിട നികുതി അടയ്ക്കുന്നത് - അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2702/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 20/09/2016

---

പരാമർശം:- 1. 31/03/2016 ലെ സ.ഉ.(സാധാ) നം.3247/2016/ധന നമ്പർ ഉത്തരവ്.

2. ഗ്രാമ വികസന കമ്മീഷണറുടെ 08/06/2016 ലെ 20791/ഫിൻ.1/15/CRD നമ്പർ കത്ത്.

3. 28/06/2016 ലെ സ.ഉ.(സാധാ) നം. 5595/16/ധന നമ്പർ ഉത്തരവ്

**ഉത്തരവ്**

ഗ്രാമ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി എക്സ്റ്റൻഷൻ ട്രെയിനിംഗ് കേന്ദ്രത്തിന്റെ കെട്ടിട നികുതി കുടിശ്ശിക അടയ്ക്കുന്നതിനായി പരാമർശം ഒന്ന് പ്രകാരം 4,23,000/- രൂപ മുൻ സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. ടി തുക മണ്ണുത്തി വികസന പരിശീലന കേന്ദ്രത്തിന് യഥാസമയം നൽകുവാൻ കഴിയാത്തതിനാലും 2016-2017 സാമ്പത്തിക വർഷം മൂന്ന് എക്സ്റ്റൻഷൻ ട്രെയിനിംഗ് കേന്ദ്രങ്ങളുടെ കെട്ടിട നികുതി കൂടി അടയ്ക്കേണ്ടതിനായി 55,000/- രൂപ കൂടി ആവശ്യമുള്ളതിനാലും ആകെ 4,78,000/- (നാല് ലക്ഷത്തി എഴുപത്തിയെണ്ണായിരം രൂപ മാത്രം) 2515-00-003-50-06-RRT എന്ന ശീർഷകത്തിൽ അധികമായി ലഭ്യമാക്കുന്നതിനുള്ള അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ ഗ്രാമ വികസന കമ്മീഷണർ പരാമർശം 2 പ്രകാരം സർക്കാരിന് സമർപ്പിക്കുകയും ധനവകുപ്പ് ടി തുക, ടി ശീർഷകത്തിൽ ഈ അധിക ചെലവ് ഈ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ റീ-അപ്രോപ്രിയേഷൻ വഴി ക്രമീകരിക്കണമെന്ന വ്യവസ്ഥയോടെ പരാമർശം 3 പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

2. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിന്റെ കെട്ടിട നികുതി കുടിശ്ശിക ഒടുക്കുന്നതിന് 4,78,000/- രൂപ (നാല് ലക്ഷത്തി എഴുപത്തിയെണ്ണായിരം രൂപ മാത്രം) 2515-00-003-50-06-RRT എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ,
ഡെപ്യൂട്ടി സെക്രട്ടറി.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ&എ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻപ്രകാരം,*

Liya

*സെക്ഷൻ ഓഫീസർ*